# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ളിക്ക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-695 033)*

**(ഹാജർ: എ.റ്റി. ജെയിംസ് .ഐ.എ.എസ്)**

---

**എൽ.ആർ.സി (1)- 56440/18** **തീയതി: 23/01/19**

---

വിഷയം: കൊല്ലം ജില്ല - നീണ്ടകര ഹാർബർ വികസനം- ആർ.ആർ.പാക്കേജ് അനുവദിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്.

സൂചന:
1. കൊല്ലം ജില്ലാ കളക്ടറുടെ 28/11/18 ലെ എൽ.എ6/ 48970/17 നമ്പർ കത്ത്.
2. അഡ്മിനിസ്ട്രേറ്ററുടെ 1/11/19 ലെ എൽ.എ6 48970/17 നമ്പർ കരട് ആർ.ആർപാക്കേജ്.
3. കൊല്ലം ജില്ലാ കളക്ടറുടെ 7/1/19 ലെ എൽ.എ6/48970/17 നമ്പർ കത്ത്.

കൊല്ലം ജില്ലയിൽ ശക്തികുളങ്ങര വില്ലേജിൽ നീണ്ടകര ഹാർബർ വികസനത്തിനായി ശക്തികുളങ്ങര വില്ലേജിലെ ബ്ലോക്ക് 1 ലെ സർവ്വെ 16/10, 16/11, 16/39, 16/40 എന്നിവയിൽപ്പെട്ട 34.15 ആർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ.ഉ 827/17/ തീയതി 28/10/17 മത്സ്യ ബന്ധന തുറമുഖ (ബി) വകുപ്പ് LARR ആക്ട് വകുപ്പ് പ്രകാരം ഉത്തരവായിട്ടുള്ളതും 11(1) വിജ്ഞാപനം 1/10/18- ൽ നടത്തിയിട്ടുള്ളതുമാണ്. ടി അക്വിസിഷൻ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിട്ടുള്ളതാണ്. ആർ.എഫ്.സി.റ്റി എൽ.എ ആർ.ആർ ആക്ട് സെക്ഷൻ 43(1) പ്രകാരം ജി.ഒ(പി) 590/15 ആർ.ഡി ഉത്തരവ് പ്രകാരം എൽ.എ ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്ററായി നിയോഗിച്ചിട്ടുള്ളതുമാണ്. ജി.ഒ(എം.എസ്) 448/17/ആർ.സി തീയ്യതി 29/12/17 പ്രകാരമാണ് പാക്കേജ് തയ്യാറാക്കിയിട്ടുള്ളത് ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കരട് പാക്കേജ് 30/12/18 ന് ജനയുഗം ദിനപത്രത്തിലും ഫോറം നം.9 നോട്ടീസ് 29/12/18- ൽ കൊല്ലം കോർപ്പറേഷൻ സോണൽ ആഫീസിന്റെ നോട്ടീസ് ബോർഡിലും പരസ്യപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് പൊതുവിചാരണ 1/1/19 ന് പദ്ധതി പ്രദേശത്ത് നടത്തിയിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത ആർ.ആർ പാക്കേജ് ഭേദഗതികളോടെ ലാൻഡ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആർ.എഫ്.സി.റ്റി എൽ.എ.ആർ.ആർ ആക്ട് 2013 സെക്ഷൻ 44 പ്രകാരം 1/11/15 ലെ ജി.ഒ പി 589/15 ആർ.ഡി നം ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന.സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

1. നീണ്ടകര ഹാർബർ വികസനം സ്ഥലമെടുപ്പ് പ്രകാരം ഒഴിപ്പിക്കപ്പെടുന്ന ഭൂമിയിൽ നടത്തുന്നതും പൂർണ്ണമായി നഷ്ടപ്പെടുന്നതുമായ പെട്രോൾ പമ്പ് ഉടമസ്ഥർക്ക് – GO(MS) 448/17/RD dated 29/12/17 പ്രകാരമോ RFCT LARR ആക്ട് വിഭാവനം ചെയ്യുന്ന പട്ടിക പ്രകാരമോ ആർ & ആർ പാക്കേജിന് അർഹതയില്ലാത്തതാണ്.
2. നീണ്ടകര ഹാർബർ വികസനം സ്ഥലമെടുപ്പ് – RFCT LARR ആക്ട് വകുപ്പ് 16 പ്രകാരം GO(MS) 448/17/RD dated 29/12/17 പ്രകാരം ഒഴിപ്പിക്കപ്പെടുന്ന ഭൂമിയിലുള്ള പെട്രോൾ പമ്പിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അനുവദിക്കാവുന്ന പാക്കേജ്.

| ക്രമ നം. | സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരന്റെ പേരും വിലാസവും | ഏത് ഘടകത്തിൽ ഉൾപ്പെടുന്നു | നൽകേണ്ട തുക (രൂപ) |
|---|---|---|---|
| 1 | പ്രശാന്ത് പുകഴത്തറ, പുത്തൻതുറ പി.ഒ | ഘടകം 12 | 6000x6=36,000 |
| 2 | പി.വി.മണി, പുതു വീട്ടിൽ, ചെറിയഴീക്കൽ പി.ഒ | ഘടകം 12 | 6000x6=36,000 |
| 3 | ദിവാകരൻ, ഐക്കര, കൊല്ലക പി.ഒ | ഘടകം 12 | 6000x6=36,000 |
| | | ആകെ | 1,08,000 |

3. നീണ്ടകര ഹാർബർ വികസനം സ്ഥലമെടുപ്പ് – RFCT LARR ആക്ട് വകുപ്പ് 16 പ്രകാരം GO(MS) 448/17/RD dated 29/12/17 പ്രകാരം ഒഴിപ്പിക്കപ്പെടുന്ന ഭൂമിയിലുള്ള കരിശ്ശടിക്ക് അനുവദിക്കാവുന്ന പാക്കേജ്.

| ക്രമ നം. | ഒഴിപ്പിക്കപ്പെടുന്ന ഭൂമിയിലുള്ള മതസ്ഥാപനം | ഏത് ഘടകത്തിൽ ഉൾപ്പെടുന്നു | നൽകേണ്ട തുക (രൂപ) |
|---|---|---|---|
| 1 | കരിശ്ശടി | ഘടകം 15 | 25,000 |

**ആകെ പാക്കേജ് തുക- 1,33,000/- ഒരു ലക്ഷത്തി മുപ്പത്തി മൂവായിരം രൂപ മാത്രം**

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചു ചട്ടം '21' പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. ജില്ലാ കളക്ടർ സമർപ്പിച്ച 2,43,000 രൂപയുടെ പുനരധിവാസ പാക്കേജിൽ ഭേദഗതികളോടെ 1,33,000 രൂപയുടെ പുനരധിവാസ പാക്കേജ് അംഗീകരിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പുനരധിവാസ പാക്കേജിനെ സംബന്ധിച്ച തുടർ നടപടികൾ അഡ്മിനിസ്ട്രേറ്റർ കൈകൊള്ളേണ്ടതും നടപടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

എൽ.എ.ആർ.ആർ ആക്ട് 2013 സെക്ഷൻ '18' പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുൻസിപ്പാലിറ്റി മുൻസിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷൻ മജിസ്ട്രേറ്റ്, തഹസീൽദാർ എന്നിവരുടെ ഓഫീസുകളിലും പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഒപ്പ്
***കമ്മീഷണർ***

ജില്ലാ കളക്ടർ, കൊല്ലം

**പകർപ്പ്**

1.അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & ഡെപ്യൂട്ടി കളക്ടർ (എൽ.എ)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

T3